KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.184/PR/PIC/2018 Date : 29.07.2018

**കേസന്വേഷണത്തിന്റെ കാര്യക്ഷമമായ മേൽനോട്ടത്തിന്**

**ഇനിമുതൽ പ്രോഗ്രസ് റിപ്പോർട്ടുകളും**

കേസുകളിൽ മേലുദ്യോഗസ്ഥരുടെ മാർഗ്ഗനിർദ്ദേശങ്ങളും പങ്കാളിത്തവും മേൽനോട്ടവും ഉറപ്പുവരുത്തുന്നതിനും അന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി ഇനി മുതൽ കേസുകളുടെ അന്വേഷണം സംബന്ധിച്ച പുരോഗതി റിപ്പോർട്ട് തയ്യാറാക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ ഉത്തരവായി.

ക്രിമനിനൽ നടപടിച്ചട്ടം 36-ാം വകുപ്പു പ്രകാരം അന്വേഷണത്തിൽ സൂപ്പർവൈസറി ഓഫീസർമാരുടെ പങ്ക് നിർവചിച്ചിട്ടുണ്ട്. സൂപ്പർവൈസറി ഉദ്യോഗസ്ഥർ അന്വേഷണ ഉദ്യോഗസ്ഥർക്ക് അതത് സമയങ്ങളിൽ ശരിയായ മാർഗനിർദ്ദേശങ്ങൾ നൽകുന്നതുവഴി കേസന്വേഷണത്തിന് മികവ് നൽകാനും ശിക്ഷാനിരക്ക് വർദ്ധിപ്പിക്കാനും കഴിയും. ഇത് ഫലപ്രദമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് അന്വേഷണ പുരോഗതി ഉൾപ്പെടുത്തിയ പ്രോഗ്രസ് റിപ്പോർട്ട് കൂടുതൽ ഗുണകരമാകുമെന്ന് സംസ്ഥാന പോലീസ് മേധാവി പറഞ്ഞു.

ഓരോ കേസിലും ഒന്നാം സൂപ്പർവൈസറി ഓഫീസർമാരാണ് പ്രോഗ്രസ് റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടത്. കേസ് ഡയറികൾ/ അന്വേഷണ ഉദ്യോഗസ്ഥരുമായുള്ള ചർച്ച എന്നിവയുടെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട മാതൃകയിലാവണം ഇത്. ആദ്യ പ്രോഗ്രസ് റിപ്പോർട്ടിൽ എഫ് ഐ ആർ-ൽ ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങൾ, മേലുദ്യോഗസ്ഥൻ അംഗീകാരം നൽകിയിട്ടുള്ള അന്വേഷണ തന്ത്രം, അന്വേഷണം പൂർത്തിയാക്കുന്നതിനുള്ള സമയക്രമം എന്നിവ ഉൾക്കൊള്ളിക്കണം. തുടർന്നുള്ള പ്രോഗ്രസ് റിപ്പോർട്ടുകളിൽ ആരോപണങ്ങളുടെ സംഗ്രഹം, അന്വേഷണപുരോഗതി എന്നിവ ഉൾപ്പെടുത്തണം. ഫോറൻസിക് വിദഗ്ധർ ഉൾപ്പെടെയുള്ള വിദഗ്ധരുടെ അഭിപ്രായം തെളിവുകളുടെ

ചുരുക്കം മുതലായവയും കാലഗണനാക്രമത്തിൽ സൂചിപ്പിക്കണം.

കാലതാമസം ഉണ്ടായെങ്കിൽ അതിനുള്ള കാരണവും രേഖപ്പെടുത്തണം. അന്വേഷണ വേളയിൽ ഉയർന്നുവരുന്ന പുതിയ ആരോപണങ്ങൾ, അന്വേഷണത്തിനിടയിൽ അഭിമുഖീകരിക്കേണ്ടി വന്ന പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ചും അത് മറികടക്കുവാൻ സ്വീകരിച്ച നടപടികളെകുറിച്ചും സൂചിപ്പിക്കാവുന്നതാണ്.

പ്രോഗ്രസ് റിപ്പോർട്ടിൻമേൽ മേലുദ്യോഗസ്ഥൻ തുടർന്നുള്ള അന്വേഷണത്തിനായുള്ള നിർദ്ദേശങ്ങളും അന്വേഷണം ശരിയായ ദിശയിലാണോ അല്ലയോ എന്നതും രേഖപ്പെടുത്തണം. അന്വേഷണം തുടങ്ങുന്നതു മുതൽ (ക്രിമിനൽ നടപടി ക്രമം വകുപ്പ് 173(8) പ്രകാരം തുടരന്വേഷണം നടക്കുമ്പോൾ ഉൾപ്പെടെ) പിന്നീട് കേസിൽ കുറ്റപത്രം സമർപ്പിക്കുന്നതുവരെയോ അന്തിമ റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കുന്നതുവരെയോ പുരോഗതി റിപ്പോർട്ടുകൾ അയയ്ക്കുന്നത് തുടരണം. ക്രൈം കേസുകളിൽ അവ രജിസ്റ്റർ ചെയ്ത തീയതി മുതൽ രണ്ടാഴ്ചയ്ക്കുശേഷം ആദ്യ പ്രോഗ്രസ് റിപ്പോർട്ടും തുടർന്ന് അന്വേഷണം പൂർത്തിയാകുംവരെ പ്രതിമാസ റിപ്പോർട്ടുകളും സമർപ്പിക്കണം.

പ്രോഗ്രസ് റിപ്പോർട്ട് സംവിധാനം ആദ്യഘട്ടത്തിൽ ക്രൈംബ്രാഞ്ചിലും തുടർന്ന് കൊലപാതകക്കേസുകളിൽ ലോക്കൽ പോലീസിലും നടപ്പാക്കും.

ലോക്കൽ പോലീസിൽ അന്വേഷണ ഉദ്യോഗസ്ഥനുമായി (ഇൻസ്പെക്ടർ/ഡിവൈ എസ് പി/ എ എസ് പി) ചർച്ച നടത്തി തയ്യാറാക്കുന്ന പ്രോഗ്രസ് റിപ്പോർട്ട് എസ് പിയോ ജില്ലാ പോലീസ് മേധാവിയോ റെയ്ഞ്ച് ഐ ജി ക്കു നല്കുകയും റെയ്ഞ്ച് ഐ ജി അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രേഖപ്പെടുത്തി തിരികെ നല്കുകയും വേണം. ഏറെ ഒച്ചപ്പാടുണ്ടാക്കുന്നതും പ്രധാനവുമായ ക്രൈം ബ്രാഞ്ച് കേസുകളിൽ സംസ്ഥാന പോലീസ് മേധാവിക്ക് പരിശോധനയ്ക്കായി നല്കണമെന്നും ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്.

****************